**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3807** **25.06.2013 ലെ മറുപടിയ്ക്ക്**

**ഭാഗ്യക്കുറി നറുക്കെടുപ്പുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. പി. വിൻസെന്റ്**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. പി.എ. മാധവൻ** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |

(എ) സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പുകൾ വളരെ വേഗതയിലും സുതാര്യതയോടും കൂടി നടപ്പിലാക്കുന്നതിന് പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ;

(എ) നടപ്പിലാക്കി വരുന്നുണ്ട്. പരമ്പരാഗത രീതിയിലുള്ള നറുക്കെടുപ്പിൽനിന്ന് വിഭിന്നമായി മെക്കാനിക്കൽ ഡ്രാ മെഷീൻ ഉപയോഗിച്ച് ഭാഗ്യക്കുറി ടിക്കറ്റ് നറുക്കെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പരിഷ്കാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ബി)
1) ഇതിന്റെ ഭാഗമായി സിഡ്കോയ്ക്ക് രണ്ട് മെക്കാനിക്കൽ ഡ്രാ മെഷീൻ സപ്ലൈ ചെയ്യുന്നതിന് ഉത്തരവ് നൽകുകയും ആയതിൽ ഒരു മെഷീൻ 30.03.2013-ന് മെറ്റൽ ഇൻഡസ്ട്രീസ് ഡെലിവർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2) 2013 ജൂലായ് മാസം 1- ാം തീയതി മുതൽ മെക്കാനിക്കൽ ഡ്രാ മെഷീനിൽ നറുക്കെടുപ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

3) നറുക്കെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി നറുക്കെടുപ്പ് നടപടിക്രമം ലൈവ് ആയി വെബ്സൈറ്റ് വഴി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സി-ഡിറ്റാണ് ഈ പദ്ധതിക്കുള്ള നടപടികൾ സ്വീകരിക്കുന്നത്.

(സി) എന്തെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(സി) സിഡ്കോ, മെറ്റൽ ഇൻഡസ്ട്രീസ്, സി.ഡിറ്റ്, കെൽട്രോൺ എന്നിവയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) സമ്മാന തുകകൾ വേഗത്തിൽ നൽകാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഭരണ തലത്തിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) മതിയായ രേഖകൾ സഹിതം ഹാജരാക്കുന്ന സമ്മാന ടിക്കറ്റുകൾ LIMS എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് ടിക്കറ്റിന്റെ ബാർകോഡ്, സീക്രട്ട് കോഡ് എന്നിവ പരിശോധിച്ച് ടിക്കറ്റിന്റെ കൃത്യത ഉറപ്പ് വരുത്തി ആവശ്യമായ ഓഫീസ് നടപടിക്രമങ്ങൾക്ക് ശേഷം ഭാഗ്യക്കുറി വകുപ്പ് കാലതാമസം കൂടാതെ തന്നെ സമ്മാനത്തുക നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ.